കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

[www.lfa.kerala.gov.in](http://www.lfa.kerala.gov.in)

# ഇരിങ്ങാലക്കുട ബ്ലോക്ക്പഞ്ചായത്ത്

## 2018-19
## ഓഡിറ്റ് റിപ്പോർട്ട്

## ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ

**e-mail: dotsr.ksad@kerala.gov.in**

(രജിസ്റ്റർ ചെയ്തു കൈപ്പറ്റു ചീട്ടു സഹിതം)

നം കെ.എസ്.എ.ടി.എസ്.ആർ(ബിപി2)958/19

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശൂർ-680 020
ഫോൺ -0487 2331249
e-mail: dotsr.ksad@kerala.gov.in
തീയതി: 05.08.19

ജോയിന്റ് ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

ഇരിങ്ങാലക്കുട ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : ഇരിങ്ങാലക്കുട ബ്ലോക്ക്പഞ്ചായത്ത് – 2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്.

********

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ഇരിങ്ങാലക്കുട ബ്ലോക്ക്പഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2 ലെയും ഭാഗം3 ലെയും ഖണ്ഡികകളിലേയ്ക്കു് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്. ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം ബ്ലോക്ക് പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ ബ്ലോക്ക് പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14, 15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20, 23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക).

വിശ്വസ്തതയോടെ

ജോയിന്റ് ഡയറക്ടർ

പകർപ്പ് :-

1) ഡയറക്ടർ, സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
2)അസി.ഡെവലപ്പ്മെന്റ് കമ്മീഷണർ(ജനറൽ), തൃശ്ശൂർ (ഉപരിപത്രം സഹിതം)
3)കാര്യാലയ പകർപ്പ്

നം കെ.എസ്.എ.ടി.എസ്.ആർ(ബിപി2)958/19 തീയതി: 05.08.19

# തൃശ്ശൂർ ജില്ലയിലെ ഇരിങ്ങാലക്കുട ബ്ലോക്ക് പഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ ഇരിങ്ങാലക്കുട ബ്ലോക്ക് പഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. ഇരിങ്ങാലക്കുട ബ്ലോക്ക് പഞ്ചായത്തിന്റെ 03.12.18 മുതൽ 22.06.19 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 2018-19 സാമ്പത്തിക വർഷത്തെ വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ ബ്ലോക്ക് പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 13 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 08 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ ബ്ലോക്ക് പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം

നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ. രാജഗോപാലൻ.സി ജോയിന്റ് ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 24.06.19 മുതൽ 29.06.19 വരെ |

## ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ

| | |
|---|---|
| ശ്രീമതി.ബിത ടി.എസ് | ഓഡിറ്റ് ഓഫീസർ |
| ശ്രീ.ഷാജി.ഇ.കെ. | ഓഡിറ്റർ ട്രെയിനി |
| ശ്രീമതി.സുധ.ഇ.എൻ | അസി.ഓഡിറ്റ് ഓഫീസർ |
| ശ്രീ.ജീജോ ജോബ് | ഓഡിറ്റർ |

## (ബി) നിർവ്വഹണാധികാരികൾ

### പ്രസിഡന്റ്

| പേര് | കാലയളവ് |
|---|---|
| വി.എ മനോജ്കുമാർ | 01.04.2018 മുതൽ 31.03.19 വരെ |

## സെക്രട്ടറി

| പേര് | കാലയളവ് |
|---|---|
| ശ്രീജിത്ത്.സി | 01.04.2018-31.03.2019 |

## നിർവ്വഹണ ഉദ്യോഗസ്ഥർ

| **ഉദ്യോഗപ്പേര്** | **പേര്** | **കാലയളവ്** |
|---|---|---|
| സൂപ്രണ്ട്, പി.എച്ച്.സി. ആനന്ദപുരം. | ഡോ. രാജീവ് | 01.04.2018മുതൽ 31.3.2019 വരെ |
| അസി എക്സിക്യൂട്ടീവ് എഞ്ചിനീയർ | ജോജി പോൾ | 01.04.2018 മുതൽ 01.02.2019 FNവരെ |
| | സനിൽകുമാർ.എം.വി. | 01.02.2019 AN മുതൽ 31.3.2019 വരെ |
| പട്ടികജാതി വികസന ഓഫീസർ | പി.എം.സജിനി. | 01.4.2018 മുതൽ 14.06.2018വരെ |
| | സുകന്യ.എൻ.എസ്. | 15.06.2018 മുതൽ 31.03.2019 വരെ |
| അസി.ഡയറക്ടർ ഓഫ് അഗ്രിക്കൾച്ചർ | സുശീല.ടി. | 01.4.2018 മുതൽ 13.07.2018 FNവരെ |
| | അജിത്ത് മോഹൻ.എൻ.കെ. (ഇൻ ചാർജ്ജ്) | 13.07.2018 ANമുതൽ 08.08.2018വരെ |
| | ജി.മുരളീധര മേനോൻ | 09.08.2018 മുതൽ 31.03.2019വരെ |

| | | |
|---|---|---|
| വ്യവസായവികസന ഓഫീസർ | ഇ.പി.ഹരീഷ്. | 01.4.2018 മുതൽ 31.03.2019വരെ |
| ശിശു വികസന ഓഫീസർ | അന്നമ്മ വർഗ്ഗീസ് | 01.04.2017 മുതൽ<br>04.07.2018 വരെ |
| | രാഖി ബാബു (ഇൻ ചാർജ്ജ്) | 05.07.2018 മുതൽ<br>09.07.2018 FN വരെ |
| | വത്സ പി.എം. | 09.07.2018 AN മുതൽ<br>31.12.2018 വരെ |
| | സിനി.എൻ.കെ. (ഇൻ ചാർജ്ജ്) | 01.01.2019 മുതൽ<br>11.02.2019FN വരെ |
| | വത്സ പി.എം. | 11.02.2019 AN മുതൽ<br>31.03.2019 വരെ |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | അരുൺ പി എസ് | 01.04.2018മുതൽ 10.06.2018 FNവരെ |
| | ഷെറീന പി.ജോർജ്ജ് | 10.06.2018 AN മുതൽ 31.03.2019വരെ |
| അസി.എഞ്ചിനീയർ | വിജയൻ.പി.എസ്. | 01.04.2018മുതൽ 31.3.2019 വരെ |

## <u>ഉള്ളടക്കം</u>


| ക്രമ നം. | **ഭാഗം 1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |

| | | |
|---|---|---|
| 2 | വാർഷികധനകാര്യപത്രിക | 1-2 |
| 3 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | ആഭ്യന്തര നിയന്ത്രണ സംവിധാനത്തിലെ പോരായ്മകൾ | 1-7 |
| 8 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-8 |
| 9 | വാർഷികകണക്കുകളിലെ അപാകതകൾ | 1-9 |
| | **ഭാഗം 2**<br>വരവു കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 10 | ബജറ്റ് രൂപീകരണം - അപാകതകൾ സംബന്ധിച്ച് | 2-1 |
| 11 | വാടക രജിസ്റ്റർ സൂക്ഷിപ്പിലെ ന്യൂനതകൾ | 2-2 |
| | **ഭാഗം 3**<br>ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 12 | സി.ഡി.പി.ഒ നടപ്പിലാക്കിയ പദ്ധതി - ഐ.സി.ഡി.എസ് ഓഫീസിലേക്ക് കമ്പ്യൂട്ടർ, അനുബന്ധ സാമഗ്രികൾ വാങ്ങൽ പദ്ധതി - നടപടിക്രമങ്ങളിലെ അപാകതകൾ | 3-1 |
| 13 | കൃഷി അസിസ്റ്റന്റ് ഡയറക്ടർ നിർവ്വഹണം നടത്തിയ പദ്ധതികളിലെ അപാകതകൾ | 3-2 |
| 14 | റോഡ് പ്രവൃത്തികൾ -അപാകതകൾ | 3-3 |
| 15 | വനിതാഘടക പദ്ധതിയുടെ ഭാഗമായി വകയിരുത്തിയ തുകയുടെ 21% മാത്രമേ | 3-4 |

| | | |
|---|---|---|
| | ചെലവഴിക്കാനായുള്ളു; 6പദ്ധതികളിൽ 4എണ്ണം നടപ്പാക്കിയില്ല. | |
| 16 | ഇൻഡസ്ട്രിയൽ എക്സ്റ്റൻഷൻ ഓഫീസർ - ആവിഷ്കരിച്ച പദ്ധതികൾ നടപ്പിലാക്കിയില്ല. | 3-5 |
| 17 | മണലിപ്പാടം ലിഫ്റ്റ് ഇറിഗേഷൻ - അപാകതകൾ | 3-6 |
| 18 | ബ്ലോക്ക് പഞ്ചായത്ത് നിർമിച്ച കെട്ടിടങ്ങൾ പ്രയോജനപ്പെടുത്തേണ്ടതാണ്. | 3-7 |
| 19 | മരാമത്ത് പ്രവൃത്തികൾ കരാറുകാർ നിശ്ചിത സമയ പരിധിക്കകം പൂർത്തീകരിച്ചിട്ടില്ല. | 3-8 |
| | **ഭാഗം 4**<br>പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | |
| 20 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 21 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 22 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-3 |
| 23 | വായ്പ / വായ്പാതിരിച്ചടവ് | 4-4 |
| 24 | സ്ഥിര നിക്ഷേപം | 4-5 |
| 25 | ഓഡിറ്റ് റിക്കവറി | 4-6 |
| 26 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം | 4-7 |
| 27 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-8 |
| 28 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 29 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-10 |
| 31 | അനുബന്ധം 1 – ഓഡിറ്റ് സർട്ടിഫിക്കറ്റ് | |
| 32 | അനുബന്ധം 2 – ഓഡിറ്റ് സംക്ഷിപ്തം | |

# ഭാഗം -1
# പൊതു അവലോകനം

# പൊതു അവലോകനം


## 1-1 ബജറ്റ്

2018-19 വർഷത്തെ ബജറ്റ് 28.03.2018 തിയതിയിലെ തീരുമാനം (1) പ്രകാരം അംഗീകരിച്ചു. അംഗീകരിച്ച ബജറ്റ് പ്രകാരം വരവ് 14,96,33,960/- രൂപയും ചെലവ് 14,90,83,343/- രൂപയും ആണ്.

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31-07-2019 | 27.05.2019 | - | - |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|---|
| 2018-19 | 24.06.2019 മുതൽ 29.06.2019 വരെ | |

# 1-4 സാമ്പത്തിക വിശകലനം (റസീറ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 1,52,21,269 |
| വരവ് | 4,82,42,421 |
| ആകെ | 6,34,63,690 |
| ചെലവ് | 5,42,21,352 |
| നീക്കിയിരിപ്പ് | 92,42,338 |

# 1-5 ഫണ്ട് വിനിയോഗം

| ഫണ്ട് ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| <u>വികസനഫണ്ട്</u> ജനറൽ | 0 | 19480000 | 19480000 | 18578450 | 901550 | 95.37 |
| എസ് സി പി | 0 | 13469000 | 13469000 | 13236269 | 232731 | 98.27 |
| ടി എസ് പി | 0 | 120000 | 120000 | 0 | 120000 | 0 |
| നോൺ റോഡ് | 0 | 2311000 | 2311000 | 2311000 | 0 | 100 |
| ജനറൽ പർപ്പസ് ഗ്രാന്റ് | 5730758 | 4306751 | 10037509 | 5321537 | 4715972 | 53 |
| തനത് ഫണ്ട് | 519326 | 1184410 | 1703736 | 1386496 | 317240 | |

# 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്റ്റുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചവ (എണ്ണം) | അടങ്കൽ (തുക) | നടപ്പിലാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗീകമായി നടപ്പിലാക്കിയത് | നടപ്പിലാക്കാത്തത് | പൂർത്തീകരിച്ചതിന്റെ ശതമാനം |
|---|---|---|---|---|---|---|
| 74 | 52711049 | 48 | 34972362 | 21 | 5 | 64.86% |

## 1-7 ആഭ്യന്തര നിയന്ത്രണ സംവിധാനത്തിലെ പോരായ്മകൾ

1)പദ്ധതി നിർവ്വഹണം പൂർത്തീകരിച്ച് കഴിഞ്ഞാൽ വർക്കിംഗ് ഗ്രൂപ്പുകളിലെ കൺവീനർ ഒഴികെയുള്ള അംഗങ്ങൾ പദ്ധതിയുടെ മോണിറ്ററിംഗ് സമിതിയായി പ്രവർത്തിക്കേണ്ടതാണ്. എന്നാൽ ഓഡിറ്റ് വർഷത്തെ പ്രൊജക്ടുകളിലൊന്നും മോണിറ്ററിംഗ് സമിതി റിപ്പോർട്ട് ലഭ്യമല്ല.
2)ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.
3)അസി. എക്സി. എഞ്ചിനീയറുടെ പദ്ധതികളിൽ, കരാർ ഉടമ്പടികളിൽ പ്രവർത്തി പൂർത്തിയാക്കേണ്ട തീയതി രേഖപ്പെടുത്തുന്നില്ല.
4)ബ്ലോക്ക് പഞ്ചായത്തിന്റെ തനത് വരുമാനം വർദ്ധിപ്പിക്കുന്നതിന് യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല. വാടകയുടെ ഡിമാന്റ് രജിസ്റ്റർ സംക്ഷിപ്തം എഴുതി തയ്യാറാക്കിയിട്ടില്ല. ലേലത്തിന്റെ ഡിമാന്റ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.
5) പ്രത്യേക ഗ്രാന്റുകളുടെയും സംയുക്ത പ്രൊജക്റ്റുകൾക്ക് ലഭിച്ച ഫണ്ടുകളുടെയും ACR എഴുതി സൂക്ഷിക്കുന്നില്ല. മേൽ അപാകതകൾ പരിഹരിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-8 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തിയ്യതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തിയ്യതി |
|---|---|---|---|

| | | | |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 18.09.2018 മുതൽ 28-09-2018 വരെ | 2017-18 | 07.11.2018<br><br>No.74/ADC(PA)/2018 |
| അക്കൗണ്ടന്റ് ജനറൽ | 08.12.14 മുതൽ 15.12.14 വരെ | 2009-10 മുതൽ 2013-14 വരെ | 25.02.2015<br><br>LBA(HQ)III 8B-1021/<br><br>14-15 |

## 1-9 വാർഷികകണക്കുകളിലെ അപാകതകൾ

ഇരിങ്ങാലക്കുട ബ്ലോക്ക് പഞ്ചായത്തിന്റെ 2018-19 വർഷത്തെ വാർഷിക ധനകാര്യ പത്രികയുടെ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ താഴെ ചേർക്കുന്നു.

1. കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011, ചട്ടം 58(2) (ഇ) (ജി) പ്രകാരം കൈയെഴുത്തായി സൂക്ഷിക്കുന്ന എല്ലാ വരവ് രജിസ്റ്ററുകളും പേജ് അടിസ്ഥാനത്തിൽ തുക കണക്കാക്കുകയും മാസാന്ത്യത്തിൽ ക്ലോസ് ചെയ്ത് അതാത് ലെഡ്ജറുകളുമായി പൊരുത്തപ്പെടുത്തി, വർഷാന്ത്യത്തിൽ സംക്ഷിപ്തം രേഖപ്പെടുത്തി, സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. എന്നാൽ താഴെ ചേർത്തിരിക്കുന്ന വരവിനങ്ങൾക്ക് ഇപ്രകാരം രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

| ക്രമനമ്പർ | ശീർഷകം | ഇനം | തുക |
|---|---|---|---|
| 1 | 130100101 | Rent from Buildings | 43800 |
| 2 | 130300101 | Rent from Auditoriums and Halls | 317150 |
| 3 | 150110101 | Sale of Tender Forms | 19755 |

ആയതിനാൽ മേൽ തുകകളുടെ കൃത്യത ഉറപ്പ് വരുത്താൻ സാധിച്ചില്ല.

2. ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-7 പ്രകാരം 25,31,737/- രൂപ ഡെപ്പോസിറ്റ് ഇനത്തിൽ 31.03.19 ൽ ബാക്കി ഉണ്ട്. എന്നാൽ ഡെപ്പോസിറ്റ് രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കുന്നില്ല.

3. ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-11(എ) പ്രകാരം "412010101 – Capital Work in Progress” എന്ന ശീർഷകത്തിൽ 8,76,196/- രൂപ ബാക്കി ഉണ്ട്. എന്നാൽ ഏതെല്ലാം പ്രവൃത്തികളാണ് ഈ തുകയിൽ ഉൾപ്പെടുന്നതെന്ന് വ്യക്തമാക്കുന്ന രേഖകൾ ലഭ്യമാക്കിയിട്ടില്ല.

4. 2018-19 വർഷത്തിൽ "412010101 – Capital Work in Progress” എന്ന ശീർഷകത്തിൽ ഡെബിറ്റ് ചെയ്ത തുകകൾ സംബന്ധിച്ച വിവരങ്ങൾ ടി ശീർഷകത്തിന്റെ ലെഡ്ജറിൽ നിന്നും ലഭ്യമായത് പ്രകാരം താഴെ ചേർക്കുന്നു.

| | |
|---|---|
| മുൻബാക്കി | 822892 |
| കണ്ണംപുഴ റോഡ് – കാറളം (പ്രൊജക്ട് നം.72) | 193280 |
| കാറളം ഗ്രാമപഞ്ചായത്തിലെ 47-ാം നമ്പർ അംഗൻവാടി നിർമ്മാണം(പ്രൊജക്ട് നം.79) | 1049657 |
| മാടപ്പുറം-കരുവന്നൂർ റോഡ് (പ്രൊജക്ട് നം.74) | 919090 |
| ഐ.സി.ഡി.എസ് ഓഫീസിലേക്ക് കമ്പ്യൂട്ടർ, പി.എ.സിസ്റ്റം, ഫോട്ടോസ്റ്റാറ്റ്, ഓഫീസ് ഫർണിച്ചർ വാങ്ങൽ (പ്രൊജക്ട് നം.47) | 190000 |
| പുല്ലൂർ ചേർപ്പംകുന്ന് കോളനി സംരക്ഷണം (പ്രൊജക്ട് നം.55) | 668725 |
| എസ്.സി.വനിതകൾക്ക് സ്വയം തൊഴിൽ പരിശീലന കേന്ദ്രം നിർമ്മാണം – കാറളം ഗ്രാമപഞ്ചായത്ത് (പ്രൊജക്ട് നം.71) | 1403017 |
| ബ്ലോക്ക് പഞ്ചായത്ത് കോമ്പൗണ്ടിൽ ടോയ്ലറ്റ് കോംപ്ലക്സ് (പ്രൊജക്ട് നം.-88) | 74224 |
| ആകെ | 5320885 |

ഈ തുകയിൽ നിന്ന് 44,44,689/- രൂപ 410200199 – Building Others എന്ന ആസ്തി ശീർഷകത്തിലേക്ക് മാറ്റിയിട്ടുണ്ട്. എന്നാൽ മേൽ പ്രവൃത്തികളിൽ ഭൂരിഭാഗവും ചെയ്തിരിക്കുന്നത് ഗ്രാമപഞ്ചായത്തുകളുടെ ആസ്തികളിലാണ്.

പ്രസ്തുത ചെലവുകൾ ബ്ലോക്ക് പഞ്ചായത്തിന്റെ റവന്യൂ ചെലവുകളായി കണക്കാക്കി ബാധകമായ ശീർഷകത്തിൽ ഡെബിറ്റ് ചെയ്യുന്നതിന് പകരം ബ്ലോക്ക് പഞ്ചായത്തിന്റെ ആസ്തിയായി എടുത്തത് ശരിയല്ല.

5. 2018-19 ലെ വിവിധ പ്രൊജക്ടുകളിൽ ഉൾപ്പെടുത്തി കമ്പ്യൂട്ടർ, ഫോട്ടോസ്റ്റാറ്റ് മെഷീൻ, മറ്റ് അനുബന്ധ ഉപകരണങ്ങൾ എന്നിവ വാങ്ങിയിട്ടുണ്ടെങ്കിലും ( പ്രൊജക്ട് നമ്പർ.26, പ്രൊജക്ട് നമ്പർ 47) ഇവ ബാധകമായ ആസ്തി ശീർഷകങ്ങളിൽ ഉൾപ്പെടുത്തിയിട്ടില്ല.

6. ബാലൻസ് ഷീറ്റിൽ പരാമർശിച്ചിട്ടുള്ള സ്ഥിരാസ്തികളുടെ അസ്തിത്വവും മൂല്യവും പരിശോധിക്കാൻ സാധിക്കുന്ന മാതൃകയിലല്ല ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നത്.

7.ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-18 പ്രകാരം 61,000/- രൂപ നീക്കിയിരിപ്പുണ്ട്. എന്നാൽ അഡ്വാൻസ് രജിസ്റ്ററിൽ അഡ്വാൻസ് നൽകിയ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല.

8. ഇൻകം & എക്സ്പൻഡിച്ചർ സ്റ്റേറ്റ് മെന്റ് പ്രകാരം 171100101- Interest from Bank Accounts എന്ന ശീർഷകത്തിൽ 2,25,664/- രൂപ വരവുണ്ട്. എന്നാൽ ടി ലെഡ്ജർ പരിശോധിച്ചതിൽ IOB- MIS (sanitation), IAY State Fund, IDBI-Plan Fund മുതലായ ബാങ്ക് അക്കൗണ്ടുകളിൽ നിക്ഷേപിച്ചിരിക്കുന്ന പ്രത്യേക ഉദ്ദേശ്യ ഫണ്ടുകളിൽ നിന്നുള്ള പലിശ തനത് വരുമാനമായി എടുത്തിട്ടുണ്ട്. തനത് ഫണ്ട് അക്കൗണ്ടുകളിൽ നിന്നുള്ള പലിശ വരുമാനം മാത്രമേ ബ്ലോക്ക് പഞ്ചായത്തിന്റെ വരുമാനമായി എടുക്കേണ്ടതുള്ളു.

9. 410300103 Roads-Metal എന്ന ആസ്തി അക്കൗണ്ടിന്റെ ലെഡ്ജർ പരിശോധനയിൽ 2018-19 വർഷത്തിൽ "നന്തി-IHDP കോളനി റോഡ്"(പ്രൊജക്ട് നമ്പർ-16) എന്ന പ്രവൃത്തിക്കായി 7,40,368/- രൂപ ചെലവഴിച്ചത് മേൽ ശീർഷകത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ആസ്തി രജിസ്റ്റർ പ്രകാരം ബ്ലോക്ക് പഞ്ചായത്തിന് "റോഡ് "ആസ്തികൾ ഇല്ല. 2018-19 വർഷത്തെ ബാലൻസ് ഷീറ്റ് പ്രകാരം റോഡ് ആസ്തി ശീർഷകങ്ങളിൽ താഴെ പറയും പ്രകാരം നീക്കിയിരിപ്പുള്ളതായി കാണുന്നു.

| | | | |
|---|---|---|---|
| 1 | 410300103 | Roads-Metal | 4276304 |
| 2 | 410300101 | Roads-Cement Concrete | 891570 |
| 3 | 410300102 | Roads -Tarred | 10015297 |

റോഡ് ആസ്തികൾ ഇല്ലെന്നിരിക്കെ, മേൽ തുകകൾ ആസ്തി ശീർഷകങ്ങളിൽ ഉൾപ്പെടുത്തിയത് സംബന്ധിച്ച് മറുപടി ലഭ്യമാക്കേണ്ടതാണ്.

10. ഇൻകം & എക്സ്പൻഡിച്ചർ പത്രികയിലെ ഷെഡ്യൂൾ I-17(a) യിൽ രേഖപ്പെടുത്തിയിരിക്കുന്ന ഡിപ്രിസിയേഷൻ തുക കണക്കാക്കിയ കാൽക്കുലേഷൻ സ്റ്റേറ്റ്മെന്റ് പ്രകാരം ആസ്തികളുടെ നിലവിലെ മൂല്യത്തിൻമേലല്ല മറിച്ച് 2017-18 വർഷത്തെ ബാലൻസ് ഷീറ്റിലെ Accumulated Depreciation തുകയിലാണ് ഡിപ്രിസിയേഷൻ കണക്കാക്കിയിരിക്കുന്നത്. ആയതിനാൽ ഇൻകം & എക്സ്പൻഡിച്ചർ ഷെഡ്യൂൾ I-17(a)യിൽ രേഖപ്പെടുത്തിയിരിക്കുന്ന ഡിപ്രിസിയേഷൻ തുക കണക്കാക്കിയിരിക്കുന്നത് ശരിയായ രീതിയിലല്ല.

11. ബാങ്ക്/ട്രഷറി അക്കൗണ്ടുകളുടെ റീകൺസിലിയേഷൻ സംബന്ധിച്ച്.

കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011, ചട്ടം 57 പ്രകാരം എല്ലാ ബാങ്ക് ബുക്കുകളുടെയും നീക്കിയിരിപ്പ് മാസാന്ത്യത്തിൽ അതാത് ബാങ്ക്/ട്രഷറി സ്റ്റേറ്റ്മെന്റുകളിലെ നീക്കിയിരിപ്പുമായി പൊരുത്തപ്പെടുത്തേണ്ടതും റീകൺസിലിയേഷന് ശേഷം തൊട്ടടുത്ത മാസം 5-ാം തീയതിക്ക് മുൻപായി റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് അക്കൗണ്ടന്റ് തയ്യാറാക്കേണ്ടതും പ്രസ്തുത സ്റ്റേറ്റ്മെന്റിൽ സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതുമാണ്. എന്നാൽ മേൽ ചട്ടം ബ്ലോക്ക് പഞ്ചായത്തിൽ തീരെ പാലിക്കപ്പെടുന്നില്ല. ബാങ്ക്/ട്രഷറി അക്കൗണ്ടുകൾ 'സാംഖ്യ'ബാങ്ക്ബുക്കുമായി പൊരുത്തപ്പെടുത്തി പ്രതിമാസ പൊരുത്തപ്പെടുത്തലുകൾ നടത്തുന്നില്ല. എല്ലാ ബാങ്ക് അക്കൗണ്ടുകൾക്കും ചെക്ക് ഇഷ്യു രജിസ്റ്റർ സൂക്ഷിക്കുന്നുണ്ട്. പ്രതിമാസ വരവുകളും ചെലവുകളും ചെക്ക് ഇഷ്യു രജിസ്റ്ററിൽ രേഖപ്പെടുത്തുകയും ടി രജിസ്റ്ററുകളും ബാങ്ക്/ട്രഷറി പാസ്ബുക്കുകളുമായുള്ള പ്രതിമാസ താരതമ്യം രജിസ്റ്ററിൽ രേഖപ്പെടുത്തുകയും ചെയ്യുന്നുണ്ട്. എന്നാൽ ഭൂരിഭാഗം അക്കൗണ്ടുകളുടെയും പ്രതിമാസ താരതമ്യം സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

(എ) ട്രഷറി/ബാങ്ക് സ്റ്റേറ്റ്മെന്റുകളും, സാംഖ്യ ബാങ്ക് ബുക്കുകളും പ്രതിമാസ പൊരുത്തപ്പെടുത്തൽ നടത്താതെ വർഷാന്ത്യത്തിൽ മാത്രം പൊരുത്തപ്പെടുത്തുകയാണ് ചെയ്യുന്നത്. എന്നാൽ ഇവയ്ക്ക് പോലും റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് തയ്യാറാക്കുകയോ, സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുകയോ ചെയ്യുന്നില്ല. ആയതിനാൽ എല്ലാ ബാങ്ക് /ട്രഷറി അക്കൗണ്ടുകളുടെയും സാംഖ്യ റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്. താഴെ കൊടുത്തിരിക്കുന്ന ബാങ്ക് അക്കൗണ്ടുകളുടെ സാംഖ്യ ബാങ്ക് ബുക്കു പ്രകാരമുള്ള വർഷാന്ത്യ നീക്കിയിരിപ്പും ബാങ്ക് പാസ്സ്ബുക്ക് പ്രകാരമുള്ള വർഷാന്ത്യ നീക്കിയിരിപ്പും വ്യത്യാസപ്പെട്ടിരിക്കുന്നു. ആയത് സാംഖ്യ പ്രകാരമോ ചെക്ക് ഇഷ്യു രജിസ്റ്റർ പ്രകാരമോ പൊരുത്തപ്പെടുത്തിയിട്ടില്ല.

| ക്രമ നമ്പർ | ബാങ്ക് അക്കൗണ്ട് | ബാങ്ക് ബുക്ക് പ്രകാരമുള്ള നീക്കിയിരിപ്പ് | പാസ്സ്ബുക്ക് പ്രകാരമുള്ള നീക്കിയിരിപ്പ് |
|---|---|---|---|
| 1 | ഇൻഡ്യൻ ഓവർസീസ് ബാങ്ക് – അക്കൗണ്ട് നം. 0221010009515 | 2446041 | 2467241 |
| 2 | ഐ.എ.വൈ- അഡ്മിനിസ്ട്രേറ്റീവ് ഫണ്ട് – അക്കൗണ്ട് നം.34898127535 | 5201 | 5246 |

(ബി) ബ്ലോക്ക് പഞ്ചായത്തിന്റെ തനത് ഫണ്ട് അക്കൗണ്ടിൽ (KSCB A/c No.3654) നിന്നും "Amount required for various office Expenses as per order no. D 2481/18 Dtd.16/01/19” എന്നയിനത്തിലുള്ള ചെലവിനായി അനുവദിച്ച 5,940/- രൂപ (ചെക്ക് നം. 12417 തീയതി 17.01.19) എന്ന ചെലവ് വിവരം ടി അക്കൗണ്ടിന്റെ ബാങ്ക് ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല.

(സി) ഷ്രെഡ്ഡിംഗ് മെഷീൻ കാറളം പ്രവർത്തനത്തിനായി സെക്രട്ടറിയുടെ പേരിൽ ഇരിങ്ങാലക്കുട HDFC ബാങ്കിലുള്ള അക്കൗണ്ടിന്റെ (അക്കൗണ്ട് നം. 50100228831002) പാസ്ബുക്ക് പ്രകാരം 31.03.18 ന് 27,405/- രൂപ നീക്കിയിരിപ്പുണ്ട്. എന്നാൽ പ്രസ്തുത അക്കൗണ്ട് 2018-19 വർഷത്തെ റസീറ്റ് & പേയ് മെന്റ് RP-40(a)യിൽ ഉൾപ്പെട്ടിട്ടില്ല.

12. സാംഖ്യയിൽ യഥാക്രമം ഡാറ്റാ എൻട്രി നടത്തുന്നില്ല:

പഞ്ചായത്തുകളിലെ അക്കൗണ്ടിംഗ് സമ്പ്രദായം കമ്പ്യൂട്ടർവത്ക്കരിക്കുകയും ദൈനംദിന ഇടപാടുകൾക്കായി സാംഖ്യ ആപ്ലിക്കേഷൻ നിലവിൽ വരുകയും ചെയ്ത സാഹചര്യത്തിൽ എല്ലാ ഇടപാടുകളും നടക്കുന്ന സമയത്ത് തന്നെ സാംഖ്യയിൽ ഉൾപ്പെടുത്തുകയും സാംഖ്യ വൗച്ചർ മുഖേന മാത്രം ചെലവു ചെയ്യൽ നടത്തുകയും ചെയ്യേണ്ടതാണ്. എന്നാൽ ബ്ലോക്ക് പഞ്ചായത്തിൽ വരവുകളും ചെലവുകളും ഇടപാട് സമയത്ത് ചെക്ക് ഇഷ്യൂ റജിസ്റ്ററിൽ മാത്രം ചേർക്കുന്നു. ടി ഇടപാടുകൾ സാമ്പത്തിക വർഷത്തിനിടയിൽ എപ്പോഴെങ്കിലും സാംഖ്യ യിൽ ഡാറ്റാ എൻട്രി നടത്തുന്ന രീതിയാണ് കണ്ടുവരുന്നത്. ഉദാഹരണമായി ബ്ലോക്ക് പഞ്ചായത്തിന്റെ തനത് ഫണ്ട് അക്കൗണ്ടിൽ നിന്നും (അക്കൗണ്ട് നം.3654, കരുവന്നൂർ സർവീസ് സഹകരണ ബാങ്ക്) 2018 ഏപ്രിൽ മാസത്തിൽ ചെക്കുകൾ നൽകിയിട്ടുണ്ടെങ്കിലും,

പ്രസ്തുത ചെലവുകൾ ബാങ്ക് ബുക്കിൽ കാണിച്ചിരിക്കുന്നത് 2018 മെയ് മാസത്തിലാണ് (വൗച്ചർ നം.21800011 മുതൽ 21800018 വരെ) അതു പോലെ പ്രസ്തുത അക്കൗണ്ടിൽ നിന്നും 2018 മെയ് മാസത്തിൽ ഇഷ്യു ചെയ്ത ചെക്കുകളുടെ ചെലവുകൾ ബാങ്ക് ബുക്കുകൾ കാണിച്ചിരിക്കുന്നത് 2018 ജൂൺ മാസത്തിലാണ്.

13. 180400101-Recovery from Employees- Audit recovery based on Charge certificate എന്ന ശീർഷകത്തിൽ ഇൻകം & എക്സ്പൻഡിച്ചർ പത്രികയിൽ 65,700/- രൂപ വരവ് കാണിച്ചിട്ടുണ്ട്. എന്നാൽ മേൽ വരവ് ചാർജ്ജ് സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിലുള്ള ഓഡിറ്റ് റിക്കവറി മൂലം ലഭിച്ചതല്ല എന്ന് ബന്ധപ്പെട്ട ഫയലിൽ കാണുന്നു. വരവ് ശരിയായ ശീർഷകത്തിൽ എടുക്കേണ്ടതാണ്.

14. 2018-19 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയ ബ്ലോക്ക് പഞ്ചായത്തിൽ കുഴൽ കിണർ, മോട്ടോർ, അനുബന്ധ സാമഗ്രികൾ എന്നിവ സ്ഥാപിക്കൽ (95/19) എന്ന പദ്ധതി നടപ്പാക്കുന്നതിന് കുഴൽ കിണർ കുഴിക്കുവാൻ 1,50,000/-രൂപ ഗ്രൗണ്ട് വാട്ടർ അതോറിറ്റിയിൽ ഡെപ്പോസിറ്റ് ചെയ്യുന്നതിന് അസി.എഞ്ചിനീയർക്ക് കൈമാറിയിട്ടുണ്ട്. (ചെക്ക് നം.12443, വൗച്ചർ നം. 21800440 തീയതി 13/03/19) എന്നാൽ വാർഷിക കണക്കിൽ മേൽ തുക ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-18 ൽ Advance to Implementing Agencies എന്ന ശീർഷകത്തിൽ ഉൾപ്പെടുത്തിയിട്ടില്ല. പ്രസ്തുത തുക 251600501-General Economic Services-Plan formulation, Monitoring and Evaluation എന്ന ശീർഷകത്തിൽ റവന്യു ചെലവായാണ് ഉൾപ്പെടുത്തിയിരിക്കുന്നത്.

15. പ്രത്യേക ഗ്രാന്റുകളുടെയും സംയുക്ത പ്രൊജക്റ്റുകൾക്ക് ലഭിച്ച ഫണ്ടുകളുടെയും അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല. ആയതിനാൽ വാർഷിക കണക്കിലെ തുകകളുടെ കൃത്യത ഉറപ്പു വരുത്താൻ കഴിഞ്ഞില്ല.

# ഭാഗം -2

# വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 ബജറ്റ് രൂപീകരണം - അപാകതകൾ സംബന്ധിച്ച്

പഞ്ചായത്തുകളിലെ ബജറ്റ് രൂപീകരണം സംബന്ധിച്ച് കേരള പഞ്ചായത്ത് രാജ് നിയമം സെക്ഷൻ 214 പ്രകാരം സർക്കാർ അതത് സമയങ്ങളിൽ പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങൾക്കും നിർണ്ണയിക്കപ്പെട്ട ചട്ടങ്ങൾക്കും വിധേയമായി 175-ാം വകുപ്പ് അനുസരിച്ച് തയ്യാറാക്കിയതും അനുവദിച്ചതുമായ വികസന പദ്ധതികളുടെ ചെലവ് ഉൾപ്പെടെ അടുത്ത വർഷത്തേക്ക് ഉണ്ടാകാനിടയുള്ള വരവ് ചെലവുകളുടെ വിശദമായ എസ്റ്റിമേറ്റ് ഉൾക്കൊള്ളുന്ന ബജറ്റ് നിർദ്ദേശങ്ങൾ ഓരോ വർഷവും ജനുവരി 15-ാം തീയതിക്ക് മുൻപായി ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മറ്റികൾ, സെക്രട്ടറിയും അതത് വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന ഉദ്യോഗസ്ഥൻമാരും നൽകുന്ന എസ്റ്റിമേറ്റും നിർദ്ദേശങ്ങളും പരിഗണിച്ചുകൊണ്ട് തയ്യാറാക്കേണ്ടതും അത് ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിക്ക് സമർപ്പിക്കേണ്ടതുമാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി മേൽ പറഞ്ഞ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ ബജറ്റ് തയ്യാറാക്കി മാർച്ച് മാസത്തിലെ ആദ്യത്തെ ആഴ്ച കഴിയുന്നതിന് മുൻപ് പഞ്ചായത്ത് യോഗത്തിൽ സമർപ്പിക്കണം. എന്നാൽ ഇരിങ്ങാലക്കുട ബ്ലോക്ക്പഞ്ചായത്തിന്റെ 2018-19 വർഷത്തെ ബജറ്റ് രൂപീകരണം സംബന്ധിച്ച നടപടിക്രമങ്ങളിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. ബ്ലോക്ക് പഞ്ചായത്തിന്റെ 2018-19 വർഷത്തെ ബജറ്റ് രൂപീകരണം സംബന്ധിച്ച രേഖകൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. സ്റ്റാന്റിംഗ് കമ്മറ്റി മിനുട്സുകൾ, ഭരണസമിതി യോഗ മിനുട്സ് എന്നിവ പരിശോധിച്ചതിൽ നിന്നും ബജറ്റ് രൂപീകരണത്തിൽ മേൽ ചട്ട പ്രകാരമുള്ള നടപടിക്രമങ്ങളോ സമയക്രമമോ പാലിച്ചിട്ടില്ല എന്ന് കാണുന്നു. ഘടക സ്ഥാപന മേധാവികളുടെ യോഗം വിളിച്ചു ചേർത്ത വിവരങ്ങൾ, ഘടക സ്ഥാപനങ്ങൾ തയ്യാറാക്കിയ നോൺ പ്ലാൻ എസ്റ്റിമേറ്റ്, സെക്രട്ടറി തയ്യാറാക്കിയ നോൺ പ്ലാൻ എസ്റ്റിമേറ്റ് മുതലായ ബജറ്റ് രൂപീകരണത്തിന് അടിസ്ഥാനമാക്കിയ രേഖകൾ ഒന്നും തന്നെ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.

2. വിവിധ സ്റ്റാന്റിംഗ് കമ്മറ്റികളുടെ മിനുട്സ് പരിശോധനയിൽ ബജറ്റ് നിർദ്ദേശങ്ങൾ തയ്യാറാക്കി ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിക്ക് സമർപ്പിച്ചതായ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല.

3. ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ മിനുട്സ് പരിശോധനയിൽ സ്റ്റാന്റിംഗ് കമ്മറ്റി ബജറ്റ് നിർദ്ദേശങ്ങൾ പരിഗണിച്ചു കൊണ്ട് ബജറ്റ് തയ്യാറാക്കുകയോ ആയത് പഞ്ചായത്ത് യോഗത്തിൽ സമർപ്പിച്ചതായോ കാണുന്നില്ല. 2018-19 മാർച്ച് 19 ന് ചേർന്ന ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി യോഗത്തിൽ രണ്ടാമത്തെ അജണ്ടയായി 2018-19 ബജറ്റ് ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിലും ബജറ്റിന്റെ ഉള്ളടക്കമോ ബജറ്റ് അംഗീകരിച്ചതായോ ഭരണസമിതിക്ക് ശുപാർശ ചെയ്തതായോ മിനുട്സിൽ രേഖപ്പെടുത്തിയിട്ടില്ല.

4. കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ ചട്ടം 71 പ്രകാരം അക്രൂവൽ അടിസ്ഥാനത്തിലാണ് ബജറ്റ് തയ്യാറാക്കേണ്ടത്. പക്ഷെ 2018-19 ബജറ്റ് അപ്രകാരം തയ്യാറാക്കാത്തതിനാൽ വാർഷിക ധനകാര്യ പത്രികയുമായി വരവ് ചെലവ് ഇനങ്ങൾ പരിശോധിക്കാൻ സാധിച്ചിട്ടില്ല.

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നൽകിയിട്ടുണ്ടെങ്കിലും മറുപടി ലഭ്യമാക്കിയില്ല (ഓഡിറ്റ് എൻക്വയറി നം. 13/29.06.2019).

## 2-2 വാടക രജിസ്റ്റർ സൂക്ഷിപ്പിലെ ന്യൂനതകൾ

ഇരിഞ്ഞാലക്കുട ബ്ളോക്ക് പഞ്ചായത്തിന്റെ 2018-19 വർഷത്തെ വാടക രജിസ്റ്റർ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട ന്യൂനകതൾ താഴെ പറയുന്നു.

1. കെട്ടിട നമ്പർ, വാടക നിരക്ക്, വാടക ഡെപ്പോസിറ്റ്, സെക്യൂരിറ്റി ഡെപ്പോസിറ്റ്, കരാർ വിവരങ്ങൾ തുടങ്ങിയവ വാടക രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിക്കുന്നില്ല.

2. ഓരോ കെട്ടിടങ്ങളുടേയും ഡിമാന്റ്, കളക്ഷൻ, ബാലൻസ് എന്നിവ ഉൾപ്പെടുത്തി വാടക രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

3. കേസിലുള്ള വാടക കെട്ടിടങ്ങളായ പുല്ലൂർ വ്യവസായ കേന്ദ്രം, കാറളം മിനി വ്യവസായ കേന്ദ്രം എന്നീ കെട്ടിടങ്ങളുടെ വാടക ഡിമാന്റ് കുടിശ്ശിക വിവരം രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ല.

4. 2018-19 വർഷം ലഭ്യമായ വാടക തുകകളുടെ സംഗ്രഹം രജിസ്റ്ററിൽ രേഖപ്പെടുത്തി ആധികാരികമാക്കി സൂക്ഷിച്ചിട്ടില്ല.

5. വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള ഡിമാന്റ്, കലക്ഷൻ, ബാലൻസ് എന്നിവയുടെ കൃത്യത പരിശോധിക്കാൻ നിലവിൽ സൂക്ഷിച്ചു വരുന്ന വാടക രജിസ്റ്റർ പ്രകാരം കഴിയുന്നില്ല.

മേൽ അപാകതകൾ പരിഹരിക്കാനാവശ്യമായ നടപടികൾ കൈക്കൊള്ളേണ്ടതാണ്.

# ഭാഗം -3
# ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 സി.ഡി.പി.ഒ നടപ്പിലാക്കിയ പദ്ധതി - ഐ.സി.ഡി.എസ് ഓഫീസിലേക്ക് കമ്പ്യൂട്ടർ, അനുബന്ധ സാമഗ്രികൾ വാങ്ങൽ പദ്ധതി - നടപടിക്രമങ്ങളിലെ അപാകതകൾ

പ്രൊജക്റ്റ് നമ്പർ - 47/18-19

പ്രൊജക്ടിന്റെ പേര് - ഐ.സി.ഡി.എസ് ഓഫീസിലേക്ക് കമ്പ്യൂട്ടർ, ഫോട്ടോസ്റ്റാറ്റ് മെഷീൻ, പി.എ.സിസ്റ്റം മറ്റ് അനുബന്ധ സാമഗ്രികൾ വാങ്ങൽ.

അടങ്കൽ - 2,00,000

ചെലവ് - 1,90,000

ട്രഷറി ബിൽ നം. - 5/18-19 തീയതി.31-12-18 തുക – 1,90,000

മേൽ പദ്ധതി പ്രകാരം ഐ.സി.ഡി.എസ് ഓഫീസിലേക്ക് കമ്പ്യൂട്ടർ, ഫോട്ടോസ്റ്റാറ്റ് മെഷീൻ, പബ്ലിക് അഡ്രസിംഗ് സിസ്റ്റം, മറ്റ് അനുബന്ധ സാമഗ്രികൾ വാങ്ങൽ എന്ന പദ്ധതി പ്രകാരം BPRO Solutions എന്ന സ്ഥാപനത്തിൽ നിന്നും 18/07/2018 ലെ 2(8) നം. തീരുമാന പ്രകാരം മേൽ സാധനങ്ങൾ വാങ്ങിയതിന് ബിജോയ് മൂക്കൻ, BPRO Solutions, മേപ്പുറത്ത് ടവേഴ്സ്, പി.ഒ.അവിണിശ്ശേരി എന്ന സ്ഥാപനത്തിന് ട്രഷറി ബിൽ നം.5/18-19 തീയതി.31-12-18 പ്രകാരം 1,90,000 രൂപ നൽകിയിട്ടുണ്ട്. (ഇൻവോയ്സ് നം. എ 11 തീയതി.06/12/18) മേൽ വാങ്ങൽ നടപടികളിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. 08/11/2010 ലെ സ.ഉ.(പി)നം. 259/2010/തസ്വഭവ പ്രകാരം ഓപ്പൺ ടെണ്ടർ നടപടിക്രമം പ്രകാരം വ്യാപക പ്രചാരമുള്ള ഒരു ഇംഗ്ലീഷ് ദിനപത്രത്തിലും, മലയാളം ദിനപത്രത്തിലും പരസ്യം നൽകേണ്ടതാണ് എന്ന് നിഷ്കർഷിക്കുന്നുണ്ട്. കൂടാതെ ടെണ്ടർ പരസ്യങ്ങൾ സംക്ഷിപ്തമായി പത്രങ്ങളിൽ പ്രസിദ്ധപ്പെടുത്തന്നതോടൊപ്പം വകുപ്പിന്റെ വെബ്സൈറ്റിലും പ്രസിദ്ധീകരിക്കേണ്ടതാണ്. ഇവിടെ മെട്രോവാർത്ത, സ്വതന്ത്ര മണ്ഡപം എന്നീ രണ്ട് ലോക്കൽ പത്രങ്ങളിൽ പരസ്യം ചെയ്തതിന്റെ പേപ്പർ കട്ടിംഗ് ഫയലിൽ ഉണ്ട്. വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടില്ല. ടെണ്ടറിൽ ഓരോ ഇനത്തിന്റെയും സ്പെസിഫിക്കേഷൻ രേഖപ്പെടുത്തിയിട്ടില്ല.

2. ടെണ്ടറിൽ BPRO Solutions, അവിണിശ്ശേരി, ജോസഫ് ചേറ്റുപുഴക്കാരൻ, ഗ്രീൻ പാർക്ക് തൃശ്ശൂർ, വിക്കോ ട്രേഡിംഗ്, പി.ഒ അരിമ്പൂർ, തൃശ്ശൂർ എന്നിവർ പങ്കെടുത്തതിൽഏറ്റവും കുറവ് മൊത്തം തുക കാട്ട് ചെയ്ത BPRO Solutions നിന്നുമാണ് 8 ഇനങ്ങൾ വാങ്ങിയിരിക്കുന്നത്. എന്നാൽ ഓരോ ഇനത്തിലും കുറവ് കാട്ട് ചെയ്ത സ്ഥാപനത്തിൽ നിന്നും വാങ്ങുകയായിരുന്നുവെങ്കിൽ 10,500/- രൂപ അധികം നൽകേണ്ടതില്ലായിരുന്നു. വിശദവിവരങ്ങൾ താഴെ ചേർക്കുന്നു.

| സാധനങ്ങൾ വാങ്ങിയ സ്ഥാപനത്തിന്റെ പേര് | ഇനം | തുക | കുറവ് കാട്ട് ചെയ്ത തുക | സ്ഥാപനം | വ്യത്യാസം |
|---|---|---|---|---|---|
| BPRO Solutions | കമ്പ്യൂട്ടർ | 55000 | 53100 | ജോസഫ് ചേറ്റുപുഴക്കാരൻ | 1900 |
| | | | | | |

| | | | | | |
|---|---|---|---|---|---|
| | ഫോട്ടോസ്റ്റാറ്റ് മെഷീൻ | 60000 | 60000 | BPRO Solutions | - |
| | പി.എ.സിസ്റ്റം | 30000 | 25100 | ജോസഫ് ചേറ്റുപുഴക്കാരൻ / വിക്കോ ട്രേഡിംഗ് | 4900 |
| | ഓഫീസ് റാക്ക് | 2 * 5500 =11000 | 2*5200=10400 | വിക്കോ ട്രേഡിംഗ് | 600 |
| | എക്സിക്യൂട്ടീവ് ചെയർ | 10000 | 8500 | ജോസഫ് ചേറ്റുപുഴക്കാരൻ / വിക്കോ ട്രേഡിംഗ് | 1500 |
| | ഓഫീസ് ചെയർ | 4*2500 =10000 | 4*2100=8400 | ജോസഫ് ചേറ്റുപുഴക്കാരൻ | 1600 |
| | മെറ്റൽ ഓഫീസ് ടേബിൾ – വലുത് | 9000 | 9000 | BPRO Solutions | – |
| | മെറ്റൽ ഓഫീസ് ടേബിൾ – ചെറുത് | 5000 | 5000 | | - |
| | ആകെ | 190000 | 179500 | | 10500 |

ടെണ്ടറുകളിലൊന്നും തന്നെ ഓരോ ഇനത്തിന്റെയും സ്പെസിഫിക്കേഷൻ രേഖപ്പെടുത്തിയിട്ടില്ല.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.2/25-06-19) മറുപടിയായി പരസ്യം നൽകേണ്ടതിനെക്കുറിച്ച് അറിവില്ലായ്മ മൂലവും, 18/07/2018 ലെ കമ്മറ്റി തീരുമാനപ്രകാരവുമാണ് BPRO Solutions

ൽ നിന്നും സാധനങ്ങൾ വാങ്ങിയിരിക്കുന്നതെന്നും അറിയിച്ചിട്ടുണ്ട്. ഓഡിറ്റ് ടീം നടത്തിയ പ്രാദേശിക പരിശോധനയിൽ ഐ.സി.ഡി.എസ് ഓഫീസിൽ മേൽ സാധനങ്ങൾ ഉപയോഗിക്കുന്നതായി കണ്ടു. ഭാവിയിൽ നടപടിക്രമങ്ങളിലുള്ള ഇത്തരത്തിലുള്ള അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-2 കൃഷി അസിസ്റ്റന്റ് ഡയറക്ടർ നിർവ്വഹണം നടത്തിയ പദ്ധതികളിലെ അപാകതകൾ

കാർഷിക മേഖലയിൽ കൃഷി അസി. ഡയരക്ടർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ താഴെ പറയുന്ന രണ്ടു പ്രോജക്ടുകളിലെ ചെലവ് ബ്ലോക്ക് പ്രവർത്തന പരിധിയിൽ വരുന്ന ഗ്രാമപഞ്ചായത്തുകളിൽ നടപ്പിലാക്കുന്ന പ്രോജക്ടുകൾക്ക് ബ്ലോക്ക് വിഹിതം അനുവദിക്കലാണ്. ആയതിൽ പതിമൂന്നാം പഞ്ചവത്സരപദ്ധതി മാർഗ്ഗരേഖ സ. ഉ (കൈ) നം.11/2018/ തസ്വഭവ, തിരു തിയതി 29.1.2018 ഖ 3.5.4 പ്രകാരമുള്ള സംയുക്ത പ്രൊജക്ടുകൾ സംബന്ധിച്ച് മാർഗ്ഗനിർദ്ദേശങ്ങൾ പൂർണ്ണമായി നടപ്പിൽ വരുത്തിയിട്ടില്ല. മുഖ്യപങ്കാളിയായ ബ്ലോക്ക് പഞ്ചായത്ത് വിശദമായ പ്രൊജക്ട് തയ്യാറാക്കിയിട്ടില്ല. സംയുക്ത പ്രൊജക്ടാണെങ്കിൽ നിർവ്വഹണം നടത്തുന്ന സ്ഥാപനത്തിന്റെ പേര് രേഖപ്പെടുത്തുന്ന ഭാഗത്ത് ആയത് രേഖപ്പെടുത്തിയിട്ടില്ല. ബ്ലോക്ക് പഞ്ചായത്തിനു കീഴിലുള്ള നാലു പഞ്ചായത്തുകൾക്കും വിഹിതം കൈമാറിയെങ്കിലും ആയത് എത്രതുക വീതമാണെന്ന് പ്രൊജക്ടിൽ രേഖപ്പെടുത്തിയിട്ടില്ല. ബ്ലോക്ക് തല സംയുക്തപ്രൊജക്ടുകൾ സംബന്ധിച്ച് ഗ്രാമപഞ്ചായത്തുകളുമായി ധാരണയുണ്ടാക്കുന്നതിന് ബ്ലോക്ക് തല ഗ്രാമസഭയിൽ ചർച്ച നടന്നതിന്റെ വിശദാംശം ലഭ്യമാക്കേണ്ടതാണ്.

1. <u>നെൽകൃഷിക്ക് കൂലി ചെലവ് സബ്സിഡി</u>

പദ്ധതി നം : 22/19

അടങ്കൽ തുക : 14,50,000

ചെലവ് : 14,50,000

ട്രഷറി ബിൽ നം. : 1/11.7.18

പഞ്ചായത്തുകൾക്ക് താഴെപറയുംപ്രകാരമാണ് തുക നൽകിയത്.

കാറളം-3,00,000

കാട്ടൂർ- 4,00,000

മുരിയാട്-3,50,000

പറപ്പൂക്കര-4,00,000

പറപ്പൂക്കര, കാട്ടൂർ ഗ്രാമപഞ്ചായത്തുകളുടെ പ്രൊജക്ടുകൾ മാത്രമാണ് ഫയലിനോടൊപ്പം സൂക്ഷിച്ചിരിക്കുന്നത്, ബാക്കിയുള്ള കാറളം, മുരിയാട് പഞ്ചായത്ത് പ്രൊജക്ടുകൾ ലഭ്യമല്ല. പങ്കാളികളിൽ കാട്ടുർ പഞ്ചായത്തിന്റെ ധനവിനിയോഗസാക്ഷ്യപത്രം മാത്രമാണ് ലഭ്യമായത്. മറ്റുള്ളവയുടേത് ലഭ്യമാക്കുന്നതുവരെ ചെലവുതുക 10,50,000 രൂപ തടസ്സത്തിൽ വെയ്ക്കുന്നു.

2) <u>പച്ചക്കറി കൃഷിക്ക് കൂലി ചെലവ് സബ്സിഡി</u>

പ്രൊജക്ട് നം. 29/19

അടങ്കൽ തുക : 1,50,000

ചെലവ് : 1,50,000

ട്രഷറി ബിൽ നം : 2/31.10.2018

മേൽപദ്ധതി പ്രകാരം കാറളം, പറപ്പൂക്കര ഗ്രാമപഞ്ചായത്തുകൾക്ക് യഥാക്രമം1,00,000, 50,000 രൂപ വെച്ച് കൈമാറിയിട്ടുണ്ട്. കാറളം, പറപ്പൂക്കര ഗ്രാമപഞ്ചായത്തുകളുടെ ധനവിനിയോഗസാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കുന്നതുവരെ ചെലവുതുക 1,50,000 രൂപ തടസ്സത്തിൽ വെയ്ക്കുന്നു.

3. <u>പാടശേഖര സമിതികൾക്ക് വെർട്ടിക്കൽ ആക്സിയൽ ഫ്ലോ പമ്പ് സെറ്റ് നൽകിയ പദ്ധതി</u>

പ്രൊജക്ട് നം. 32/19

അടങ്കൽ തുക : 25,00,000

ചെലവ് : 7,00,000

അടങ്കൽ വിശദാംശം: വികസന ഫണ്ട് : 7,00,000

തനത് ഫണ്ട് : 10,00,000

ഗ്രാമപഞ്ചായത്ത് : 8,00,000

മേൽപദ്ധതി പ്രകാരം വികസനഫണ്ടുപയോഗിച്ച് 30 എച്ച് പി വെർട്ടിക്കൽ ആക്സിയൽ ഫ്ലോ പമ്പ്സെറ്റുകൾ പാടശേഖരസമിതികൾക്ക് കൈമാറി. കാട്ടൂർ ഗ്രാമപഞ്ചായത്തിലെ വെള്ളാനി കോൾപാട കർഷകസംഘം, മുരിയാട് ഗ്രാമ പഞ്ചായത്തിലെ തുറവൻകാട് യൂണിറ്റ് കോൾ പടവ് പാടശേഖരസമിതി എന്നിവർക്കാണ് പമ്പ് സെറ്റ് കൈമാറിയത്. KAICO, അരിമ്പൂർ, തൃശൂർ എന്ന സ്ഥാപനത്തിന്റെ ഇൻവോയ്സുകൾ പ്രകാരം ( നം. 406/2018-19/23.2.2019 /11,05,268 രൂപ, നം.407/2018-19/23.2.2019/13,51,711 രൂപ )ലഭ്യമാക്കിയ പമ്പുസെറ്റുകൾക്ക് സബ്സിഡി 3,50,000രൂപ വീതം 7,00,000 രൂപക്ക് കൈമാറിയതായി കാണുന്നു. ഫയൽ പരിശോധനയിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

(a) കാട്ടൂർ, മുരിയാട് ഗ്രാമപഞ്ചായത്തുകളുമായുള്ള സംയുക്ത പ്രൊജക്ട് ആണെങ്കിലും പഞ്ചായത്ത് വിഹിതം ലഭ്യമായിട്ടില്ല,തനത്ഫണ്ട് വിഹിതം ഉൾപ്പെടുത്തിയെങ്കിലും ചെലവില്ല,

(b) പ്രൊജക്ട് രേഖകളിൽ ഏത് തദ്ദേശസ്ഥാപനമാണ് നിർവ്വഹണം എന്ന രേഖപ്പെടുത്തലില്ല.

(c) സംയുക്ത പ്രൊജക്ടുകളിൽ ഏർപ്പെടുന്നതിന് മുമ്പായി തദ്ദേശ സ്ഥാപനങ്ങൾ തമ്മിൽ കരാറിൽ ഏർപ്പെട്ടിട്ടില്ല. കാട്ടൂർ, മുരിയാട് ഗ്രാമപഞ്ചായത്തുകളുടെ പ്രൊജക്ടുകൾ ഫയലിൽ ലഭ്യമല്ല.

(d) പാടശേഖരസമിതികളുമായി നിർവ്വഹണ ഉദ്യോഗസ്ഥൻ കരാർ ചമച്ചിട്ടുണ്ട്. (തിയതി 21.2.2019) എന്നാൽ കരാർ വ്യവസ്ഥകൾ പ്രകാരമുള്ള പമ്പ്സെറ്റിന്റെ ഗുണമേന്മ, ഗ്യാരണ്ടി തുടങ്ങിയവ നിർവ്വഹണാദ്യോഗസ്ഥൻ ഉറപ്പുവരുത്തിയിട്ടില്ല. യന്ത്ര സാമഗ്രികൾ സ്ഥാപിച്ച് പ്രവർത്തനക്ഷമമാക്കിയോ എന്ന് വ്യക്തമല്ല. സ്പിൽ ഓവർ പ്രൊജക്ടായി ഉൾപ്പെടുത്തിയോ എന്ന വിവരം ലഭ്യമാക്കിയില്ല.

(e) 2018-19 പദ്ധതി മാർഗ്ഗരേഖ നിർദ്ദേശം 7(ബി)(1) പ്രകാരം ജലസേചന പ്രൊജക്ടുകളുടെ തുടർനടത്തിപ്പും സംരക്ഷണവും പരിപാലനവും പാടശേഖരസമിതിയുടെ ചുമതലയായി പ്രൊജക്ടിൽ വ്യവസ്ഥ ചെയ്യണം. ഈ നിർദ്ദേശം പ്രാവർത്തികമാക്കിയിട്ടില്ല.

(f) 2018-19 മുതലുള്ള സബ്സിഡി മാർഗ്ഗരേഖ ജി.ഒ (എം.എസ്)22/2018 തസ്വഭവ 14.2.2018 ഖ.3 പ്രകാരം പമ്പ്സെറ്റും മോട്ടോറും ജില്ലാതലത്തിൽ, ജില്ലാ ഓഫീസർ യൂണിറ്റ് കോസ്റ്റ് നിശ്ചയിച്ച് നൽകേണ്ട ഇനമാണ്. യൂണിറ്റ്

കോസ്റ്റ് നിശ്ചയിച്ചതിന്റെ വിശദാംശം ഫയലിൽ നിന്നും ലഭ്യമായിട്ടില്ല. സബ്സിഡി മാർഗ്ഗരേഖ പ്രകാരം സബ്സിഡി നിരക്കിന്റെ ഉയർന്ന പരിധി 100% ആയി നിശ്ചയിച്ചിട്ടുണ്ട്. ബ്ലോക്ക് പഞ്ചായത്തുകൾക്ക് മാത്രമാണ് ഈ പ്രൊജക്ട് ഏറ്റെടുക്കാവുന്നത്. ആയത് സംയുക്തപ്രൊജക്ടായി ഗ്രാമപഞ്ചായത്ത് വിഹിതം ഉൾപ്പെടുത്തി തയ്യാറാക്കിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

(g) വിതരണം ചെയ്ത പമ്പിന് ഒരു വർഷത്തെ ഗ്യാരണ്ടിയാണുള്ളത്. 23.2.2019 ആണ് ബിൽ തീയതി. സമിതിയുടെ കൈപ്പറ്റ് രസീത് ഫയലിനൊടൊപ്പമില്ല. പമ്പ് സെറ്റുകളുടെ നിലവിലെ സ്ഥിതി രേഖാമൂലം ലഭ്യമാക്കേണ്ടതാണ്. കൂടാതെ പദ്ധതിയുടെ മോണിറ്ററിംഗ് റിപ്പോർട്ട്, പൂർത്തീകരണസാക്ഷ്യപത്രം, ബ്ലോക്ക് തല പ്രൊക്യൂർമെന്റ് കമ്മിറ്റി മിനിറ്റ്സ് , വർക്കിംഗ് ഗ്രൂപ്പ് മിനിറ്റ്സ് എന്നിവയും പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്. മേൽ അപാകതകൾ പരിഹരിച്ച് വിശദീകരണം ലഭ്യമാക്കുന്നതുവരെ പദ്ധതിചെലവ് 7,00,000രൂപ തടസ്സത്തിൽ വെയ്ക്കുന്നു.

4. <u>ബ്ലോക്ക് പഞ്ചായത്ത് ഓഫീസിൽ അക്വാപോണിക്സ് യൂണിറ്റ്</u>
പ്രൊജക്ട് നം 37/19

തനതുഫണ്ട് അടങ്കൽ തുക : 40,000

ചെലവ് തുക : 40,000

ചെക്ക്നം.ജെ,കെ നം. : 1248210/28.3.18

അക്വാപോണിക്സ് യൂണിറ്റ് സ്ഥാപിച്ചതിന്റെ ചെലവു തുക 40,000 രൂപ ബിജോയ് ടി.എസ്, താണിയത്ത് ഹൗസ്, കാട്ടൂർ എന്ന വ്യക്തിക്ക് കൈമാറിയിട്ടുണ്ട് 2018 – 19 പദ്ധതി/ സബ്സിഡി മാർഗ്ഗരേഖകളിൽ ഇത്തരമൊരു പദ്ധതി നിർദ്ദേശിക്കപ്പെട്ടിട്ടില്ല. ആയതിനെ സാധൂകരിക്കുന്ന സർക്കാർ ഉത്തരവുകൾ ഉണ്ടെങ്കിൽ ലഭ്യമാക്കേണ്ടതാണ്.വിശദീകരണം ലഭ്യമാക്കുന്നതുവരെ ചെലവുതുക 40,000 രൂപ തടസ്സപ്പെടുത്തുന്നു.

മേൽ ക്രമ നമ്പർ 1,2,3,4 പ്രകാരമുള്ള അപാകതകൾ ചൂണ്ടിക്കാണിച്ചുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.7/27.06.2019) മറുപടി ലഭ്യമാക്കിയിട്ടില്ല.

## 3-3 റോഡ് പ്രവൃത്തികൾ -അപാകതകൾ

ജി.ഒ.(എം.എസ്) 11/2018/ത.സ്വ.ഭ.വ, തിരു. തീയതി:29.1.2018 നം.ഉത്തരവ് ഖ.7.13.4.i,ii പ്രകാരം ഗ്രാമപഞ്ചായത്തുകളുടെ ആസ്തിരജിസ്റ്ററിൽ ഉൾപ്പെട്ട 6 മീറ്ററിൽ കുറയാത്ത ഏത് റോഡും മെച്ചപ്പെടുത്തുന്നതിന് ബ്ലോക്ക് പഞ്ചായത്തുകൾക്ക് പ്രൊജക്ട് ഏറ്റെടുക്കാവുന്നതാണ്. ആയതിന് ചുവടെ പ്രതിപാദിക്കുന്ന വ്യവസ്ഥകൾ പാലിക്കണം.

1. ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തിന്റെ രേഖാമൂലമുള്ള സമ്മതപത്രം വാങ്ങിയിരിക്കണം.

2. പ്രധാനമന്ത്രി ആവാസ് യോജനയ്ക്ക് (പി.എം.എ.വൈ) വകയിരുത്തേണ്ടതായ മുഴുവൻ തുകയും വകയിരുത്തിയിട്ടുണ്ട് എന്ന് സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിരിക്കണം.

ബ്ലോക്ക് പഞ്ചായത്ത് തൻവർഷം നടപ്പാക്കിയ റോഡ് പ്രവൃത്തികളുടെ ഫയൽ പരിശോധനയിൽ മേൽപറഞ്ഞ വ്യവസ്ഥകൾ പാലിച്ചതിന്റെ രേഖകൾ ലഭ്യമായില്ല. ഉദാ:പദ്ധതി നം. 74/19- മാടപ്പുറം കരുവനൂർ റോഡ്. എസ്റ്റിമേറ്റ് റിപ്പോർട്ട് പ്രകാരം പറപ്പൂക്കര, വല്ലച്ചിറ ഗ്രാമപഞ്ചായത്തുകളെ ബന്ധിപ്പിക്കുന്ന 270 മീ നീളമുള്ള മൺറോഡ് ഉയർത്തി മെറ്റലിംഗ്, ടാറിംഗ് നടത്തുകയാണ് ലക്ഷ്യമിട്ടത്. ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തിന്റെ സമ്മതപത്രത്തിനു പകരം പറപ്പൂക്കര ഗ്രാമപഞ്ചായത്തിന്റെ 27.7.17 ലെ 29(1) നമ്പർ തീരുമാനം ഫയലിനോടൊപ്പം ഉൾപ്പെടുത്തിയിട്ടുണ്ട്. പറപ്പൂക്കര ഗ്രാമപഞ്ചായത്തിന്റെ ആസ്തി രജിസ്റ്റർ പ്രകാരമുള്ള വിശദാംശം ആയതിൽ രേഖപ്പെടുത്തിയിട്ടില്ല. ആസ്തി പഞ്ചായത്തിന് കൈമാറിയതിന്റെ രേഖ ഫയലിൽ ലഭ്യമല്ല. ബ്ലോക്ക് പഞ്ചായത്തുകൾക്ക് റോഡ് മെയിന്റനൻസ് ഫണ്ട് നൽകുന്നില്ല. റോഡിതര ഫണ്ടും, പ്ലാൻഫണ്ടും ഉപയോഗിച്ചാണ് പദ്ധതികൾ നിർവ്വഹിക്കുന്നത്. നിർവ്വഹണശേഷം റോഡുകൾ ഗ്രാമപഞ്ചായത്തുകൾക്ക് കൈമാറേണ്ടതുണ്ട്.
മേൽപറഞ്ഞ നടപടിക്രമങ്ങൾ പാലിച്ചുകൊണ്ട് റോഡ് പ്രവൃത്തികൾ നിർവ്വഹിക്കുവാൻ നടപടിക്രമങ്ങൾ സ്വീകരിക്കേണ്ടതാണ്.

## 3-4 വനിതാഘടക പദ്ധതിയുടെ ഭാഗമായി വകയിരുത്തിയ തുകയുടെ 21% മാത്രമേ ചെലവഴിക്കാനായുള്ളു; 6പദ്ധതികളിൽ 4എണ്ണം നടപ്പാക്കിയില്ല.

ബ്ലോക്ക് പഞ്ചായത്ത് 71,30,000 രൂപ അടങ്കലിൽ ആവിഷ്ക്കരിച്ച വനിതാഘടക പദ്ധതിയിൽ 14,75,617 രൂപ മാത്രമാണ് ചെലവഴിക്കാൻ കഴിഞ്ഞത്, (കേവലം 21% ) ആവിഷ്കരിച്ച 6 പദ്ധതികളിൽ 4 എണ്ണവും നടപ്പാക്കിയിട്ടില്ല. ആയതിൽ 36,00,000 രൂപ അടങ്കലിൽ ഫണ്ടു വിനിയോഗിക്കുന്ന സ്വയം തൊഴിൽ പരിശീലനകേന്ദ്രം പണി പൂർത്തിയാക്കിയിട്ടുണ്ട്. കെട്ടിടനിർമ്മാണത്തിന് ശേഷം ഏറ്റെടുക്കുന്ന

പ്രവർത്തനങ്ങൾ എവിടെയും വ്യക്തമാക്കിയിട്ടില്ല. കെട്ടിടം തുടർന്നുള്ള വർഷങ്ങളിൽ തൊഴിൽ പരിശീലന കേന്ദ്രമായി മാറ്റാൻ സ്വീകരിക്കുന്ന നടപടികൾ ആസൂത്രണം ചെയ്തിട്ടില്ല. 2018-19 പദ്ധതി മാർഗ്ഗരേഖ നിർദ്ദേശാനുസരണം വനിതാ ഘടകപദ്ധതിയിൽ ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങളിൽ വൻ അടങ്കലിലുള്ള കെട്ടിടനിർമ്മാണം ഉൾപ്പെട്ടിട്ടില്ല. വനിതകളുടെ സാമൂഹ്യവും സാമ്പത്തികവുമായ ഉന്നമനത്തിന് പ്രയോജനപ്പെടുംവിധം ആവിഷ്കരിക്കേണ്ട വനിതാഘടകപദ്ധതിയുടെ പ്രവർത്തനലക്ഷ്യം നേടാൻ ബ്ലോക്ക് പഞ്ചായത്ത് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-5 ഇൻഡസ്ട്രിയൽ എക്സ്റ്റൻഷൻ ഓഫീസർ - ആവിഷ്കരിച്ച പദ്ധതികൾ നടപ്പിലാക്കിയില്ല.

ഇൻഡസ്ട്രിയൽ എക്സ്റ്റൻഷൻ ഓഫീസർ ആവിഷ്കരിച്ച പദ്ധതികളിൽ സുലേഖ പത്രിക പ്രകാരം ചെലവുവന്നതായി കാണുന്നില്ല. 10 ലക്ഷം വീതം അടങ്കൽ തുക വെച്ച് പദ്ധതി നമ്പർ 41/18, 44/18 പ്രകാരം വനിത ഗ്രൂപ്പ് സംരംഭകർക്ക് ഗാർമെന്റ് യൂണിറ്റ്, ഇല്ക്ട്രിക്കൽ ആൻഡ് ഇലക്ട്രോണിക് യൂണിറ്റ് തുടങ്ങിയവ ആരംഭിക്കുന്നതിന് ബാക്ക് എൻഡഡ് സബ്സിഡിയായി ധനസഹായം നൽകുന്നതിനാണ് പദ്ധതി ആവിഷ്കരിച്ചത്. ടി പദ്ധതിയുടെ തൽസ്ഥിതി വിവരം രേഖാമൂലം ലഭ്യമാക്കേണ്ടതാണ്.

കേരള പഞ്ചായത്ത് രാജ് ആക്ട് 172-ാം വകുപ്പ് (1)-ാം ഉപവകുപ്പ് നാലാം പട്ടികപ്രകാരം ചെറുകിട വ്യവസായ മേഖലയിൽ സ്വയം തൊഴിൽ പദ്ധതികൾ ആവിഷ്കരിക്കുക മേഖലാടിസ്ഥാനത്തിലുള്ള ചുമതലയായി പറഞ്ഞിട്ടുണ്ട്. ആയതിനെ അടിസ്ഥാനമാക്കി ആവിഷ്കരിച്ച പദ്ധതി നിർവ്വഹണത്തിൽ വന്ന അപാകതക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ബ്ലോക്ക് പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകളുടെ വിവരവും (ഓഡിറ്റ് എൻക്വയറി നം:5/26.6.2019) നിലവിലെ സ്ഥിതി സംബന്ധിച്ച വിവരവും കൂടി ലഭ്യമാക്കേണ്ടതാണ്.

## 3-6 മണലിപ്പാടം ലിഫ്റ്റ് ഇറിഗേഷൻ - അപാകതകൾ

പദ്ധതി നം . : 78/19

അടങ്കൽ തുക : 241834

ചെലവ് : 1046285

Agt,No. 7/ AEE/LSGD /IJK 17-18 തിയ്യതി 9.11.17 പ്രകാരം എഗ്രിമെന്റ് വെച്ച പദ്ധതി ഇലക്ട്രിഫിക്കേഷൻ വർക്കുകൾ നടത്തി പൂർത്തിയായത് 6.12.2018 നാണ്, മേൽപദ്ധതി പ്രവർത്തനക്ഷമമായതിന്റെ റിപ്പോർട്ട് ഫയലിൽ ഇല്ല. പദ്ധതിക്ക് കെ.എസ്.ഇ.ബി ഇലക്ട്രിക് കണക്ഷൻ ലഭ്യമായോ എന്നതിന് മറുപടി നൽകിയിട്ടില്ല. ടി പദ്ധതി ഗുണഭോക്താക്തൃ സമിതിയെ ഏൽപ്പിച്ചതായ യാതൊരു വിവരവും ഫയലിൽ ലഭ്യമല്ല. 29.1.18 ലെ സ. ഉ (കൈ) നം. 11/2018/ ത.സ്വ.ഭ.വ ഉത്തരവു പ്രകാരമുള്ള നിർദ്ദേശം പാലിച്ചിട്ടില്ല. ജലസേചന പ്രൊജക്ടുകളുടെ തുടർനടത്തിപ്പും സംരക്ഷണവും പരിപാലനവും പാടശേഖരസമിതി / കർഷക കൂട്ടായ്മ/ ഗുണഭോക്തൃസമിതി എന്നിവയുടെ ചുമതലയായി പ്രൊജക്ടിൽ വ്യവസ്ഥ ചെയ്യണം. ഗുണഭോക്തൃസമിതിയുമായി കരാറിൽ ഏർപ്പെട്ടശേഷം മാത്രമേ പ്രൊജക്ട് നിർവ്വഹണം ആരംഭിക്കാവൂ, മേൽ അപാകതകൾക്ക് രേഖാമൂലം വിശദീകരണം ലഭ്യമാക്കേണ്ടതാണ്. അപാകതകൾ ചൂണ്ടിക്കാണിച്ചുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.12/29.06.2019) മറുപടി ലഭ്യമാക്കാത്ത സാഹചര്യത്തിൽ ആകെ ചെലവുതുക 10,46,285 രൂപ ഓഡിറ്റ് തടസ്സത്തിൽ വെയ്ക്കുന്നു.

## 3-7 ബ്ലോക്ക് പഞ്ചായത്ത് നിർമിച്ച കെട്ടിടങ്ങൾ പ്രയോജനപ്പെടുത്തേണ്ടതാണ്.

ബ്ലോക്ക് പഞ്ചായത്ത് 2018-2019 വർഷത്തിൽ നിർവ്വഹണം നടത്തിയ കെട്ടിട നിർമ്മാണ പ്രൊജക്ടുകളുടെ സ്ഥലപരിശോധന പ്രകാരമുള്ള വിശദാംശം ചുവടെ ചേർക്കുന്നു.

1. അജൈവ മാലിന്യ സംഭരണകേന്ദ്രം

(i) പറപ്പൂക്കര

(ii) മുരിയാട്

i) അടങ്കൽ തുക : 7,22,707

ചെലവ് : 5,65,151

ii) അടങ്കൽ തുക : 7,51,919

ചെലവ് : 5,56,294

മുരിയാട് പഞ്ചായത്തിന്റെ ഇൻഡസ്ട്രിയൽ എസ്റ്റേറ്റിൽ പണിത കെട്ടിടം ഉൽഘാടനം കഴിഞ്ഞിട്ടുണ്ട്. അജൈവമാലിന്യം ചാക്കുകളിൽ നിറച്ച് കൂട്ടിയിട്ടിരിക്കുന്നതായി കണ്ടു. പറപ്പൂക്കര പഞ്ചായത്തിലേത് തുറന്നു കാണാൻ കഴിഞ്ഞില്ല. കെട്ടിടം പ്രവർത്തനക്ഷമമമായിട്ടില്ല. ടി കേന്ദ്രങ്ങൾ ഫലപ്രദമായ രീതിയിൽ പ്രയോജന പ്പെടുത്തിയാൽ മാത്രമേ പദ്ധതി ലക്ഷ്യം നിശ്ചയിച്ച് ആവിഷ്കരിക്കപ്പെട്ട മാലിന്യ സംസ്കരണ പദ്ധതിയുടെ ഭാഗമായാണ് കെട്ടിടം നിർമ്മിച്ചു നൽകിയെന്നതിനെ സാധൂകരിക്കുന്ന രേഖകൾ ബ്ലേക്ക് പഞ്ചായത്ത് ഫയലിലോ പ്രൊജക്ടിലോ രേഖപ്പെടുത്തിയിട്ടില്ല.

2. കാറളം പഞ്ചായത്തിലെ 47-ാം നമ്പർ അംഗൻവാടി കെട്ടിടനിർമ്മാണം

അടങ്കൽ തുക : 12,00,000

ചെലവ് : 10,49,657

കെട്ടിടം നല്ലരീതിയിൽ പൂർത്തികരിച്ചിട്ടുണ്ട്. ചുമരുകളിൽ ചിത്രങ്ങൾ വരച്ച് ആകർഷണീയമാക്കിയിട്ടുണ്ട്. വാഹനഗതാഗതമുള്ള ടാറിട്ട റോഡിനു ചേർന്ന സ്ഥലമായിനാൽ ചുറ്റുമതിൽ കൂടി നിർമ്മിച്ചാൽ മാത്രമേ അംഗൻവാടിയുടെ പ്രവർത്തനം സുരക്ഷിതമാവുകയുള്ളു. കെട്ടിടത്തിൽ അംഗൻവാടി പ്രവർത്തിച്ചു തുടങ്ങിയിട്ടില്ല.

3. എസ്.എസി വനിതകൾക്ക് സ്വയം തൊഴിൽ പരിശീലനകേന്ദ്രം നിർമ്മാണം - കാറളം ഗ്രാമപഞ്ചായത്ത് അടങ്കൽ
തുക : 36,00,000

ചെലവ് : 14,03,017

അടങ്കൽ തുകയിൽ 30,00,000 എസ്.സി പി ഫണ്ടാണ്. വനിതാഘടകപദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. 2019 – 20 സാമ്പത്തിക വർഷത്തിലും പദ്ധതി തുടരുകയാണ്. സ്ഥലപരിശോധനയിൽ കെട്ടിടം പണി പൂർത്തിയായി, ഇലക്ട്രിഫിക്കേഷൻ നടന്നുവരുന്നതായി കണ്ടു. കെട്ടിടത്തിലേക്കു വഴി, സ്ഥലത്തിന്റെ പ്രത്യേകത പരിശോധിച്ച് സൈഡ് പ്രൊട്ടക്ഷൻ ചെയ്ത് കോൺക്രീറ്റ് നടത്തിയിട്ടുണ്ട്.

പഞ്ചായത്ത് സ്ഥലത്ത് നിർമ്മിച്ച കെട്ടിടം നിഷ്ക്രിയ ആസ്തിയായി അവശേഷിക്കുന്ന സാഹചര്യം ഒഴിവാക്കാൻ ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതി യുക്തമായ ഇടപെടലുകൾ നടത്തേണ്ടതാണ്.

പട്ടികജാതി വനിതകൾക്ക് തൊഴിൽപരിശീലനം ആരംഭിക്കുന്നതിന് ഗ്രാമ പഞ്ചായത്തുകളുമായി കൂടിയാലോചിച്ച് പദ്ധതികൾ ആവിഷ്ക്കരിക്കേണ്ടതാണ്.

ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തുകളുമായി ആലോചിച്ച് സംയുക്തമായി നടപ്പിലാക്കേണ്ട അജൈവ മാലിന്യ സംഭരണ പദ്ധതിയിൽ ആവശ്യമായ മെഷിനറി സ്ഥാപിക്കാനും അജൈവമാലിന്യ സംസ്കരണ പ്രവർത്തനം ത്വരിതപ്പെടുത്താനും നിലവിൽ നിർമ്മിച്ച കെട്ടിടസൗകര്യം ഉപയോഗപ്പെടുത്താൻ ബ്ലോക്ക് പഞ്ചായത്ത് തലത്തിൽ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-8 മരാമത്ത് പ്രവൃത്തികൾ കരാറുകാർ നിശ്ചിത സമയ പരിധിക്കകം പൂർത്തീകരിച്ചിട്ടില്ല.

അസി.എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ചുവടെ കാണിച്ച മരാമത്ത് പ്രവൃത്തി കരാറുകാരൻ നിശ്ചിത സമയ പരിധിക്കകം പൂർത്തീകരിച്ചിട്ടില്ല. പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിനുള്ള സമയ പരിധി ദീർഘിപ്പിച്ച് നൽകിയതിന്റെ വിവരങ്ങളും ഫയലിൽ ലഭ്യമല്ല. പ്രവൃത്തികൾ വൈകി പൂർത്തീകരിച്ചാൽ 2012 ലെ പൊതു മരാമത്ത് മാന്വൽ സെക്ഷൻ 2112.1 പ്രകാരം ഈടാക്കേണ്ട പിഴ ഈടാക്കാതെയാണ് കരാറുകാരന് തുക നൽകിയിട്ടുള്ളത്. പൊതു മരാമത്ത് മാന്വൽ (ജി.ഒ (പി)13/2012/PWD/1.2.2012) പ്രകാരം പൂർത്തീകരണ കാലാവധിയുടെ പരമാവധി 50% ദിവസം മാത്രമാണ് കരാറുകാർക്ക് ദീർഘിപ്പിച്ച് നൽകാനാവുക. അതിന് ശേഷമുള്ള പ്രവൃത്തികളെല്ലാം അനധികൃതമായാണ് കണക്കാക്കുക. ഇക്കാര്യങ്ങളൊന്നും പരിശോധിക്കാതെ പ്രവൃത്തിയുടെ ബിൽ നൽകിയത് ക്രമപ്രകാരമല്ല. ഇത്തരം നടപടികൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതും പൊതുമരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തിൽ പൊതുമരാമത്ത് മാന്വലിലെ നടപടിക്രമങ്ങൾ പാലിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്. ഉദാ:പദ്ധതി നം. 74/19- മാടപ്പുറം കരുവനൂർ റോഡ്.

ക്വട്ടേഷൻ (20.1.18 ലെ) മുഖാന്തിരമാണ് പ്രസ്തുത പ്രവൃത്തി കരാറുകാരൻ ശ്രീ.ബെന്നി സി.എക്ക് ഏൽപ്പിച്ചത്. എസ്റ്റിമേറ്റ് റേറ്റ് - 9,11,595.75 രൂപ (22.1.18 ലെ 1(3)-ാം നമ്പർ തീരുമാനം ). 27.2.18 ന് സെലക്ഷൻ നോട്ടീസ് നൽകി. 12.3.18 ന് എഗ്രിമെന്റിൽ ഒപ്പു വെച്ച് അന്നുതന്നെ സൈറ്റ് ഹാന്റോവർ ചെയ്തിട്ടുണ്ട്. എന്നാൽ അളവു പുസ്തകപ്രകാരം 18.1.19 നാണ് പ്രവൃത്തി പൂർത്തിയായി അളവെടുത്തിരിക്കുന്നത്. ഏകദേശം ഒരു വർഷത്തോളമെടുത്താണ് പ്രവൃത്തി ചെയ്തിരിക്കുന്നത്. ടെക്നിക്കൽ അനുമതിയിൽ 5 മാസമാണ് പ്രവൃത്തി പൂർത്തീകരണ കാലാവധി. പ്രവൃത്തി പൂർത്തികരിക്കുന്നതിനുള്ള സമയപരിധി ദീർഘിപ്പിച്ചു

നൽകിയതിന്റെ വിവരങ്ങൾ ഫയലിൽ ലഭ്യമല്ല. കരാറുടമ്പടിയുടെ ഭാഗമായുള്ള പ്രവർത്തന കലണ്ടർ പ്രകാരം നിശ്ചിത സമയത്തിനുള്ളിൽ പ്രവൃത്തി പൂർത്തിയാക്കേണ്ടതാണ്. എന്നാൽ അത്തരമൊരു കലണ്ടർ / നിർദ്ദേശം കരാറുകാരന് നൽകിയിട്ടില്ല. ഉടമ്പടി വ്യവസ്ഥ 7 പ്രകാരം പിഴ ഈടാക്കാൻ നടപടി സ്വീകരിച്ചു കാണുന്നില്ല. പൊതുമരാമത്ത് മാന്വൽ (ജി.ഒ (പി) 13/2012/PWD / 1.2.2012) സെക്ഷൻ 2112 .1 പ്രകാരമുള്ള വ്യവസ്ഥകൾ കരാറിൽ ഉൾപ്പെടുത്തേണ്ടതായിരുന്നു. പൊതുമരാമത്ത് പ്രവൃത്തികൾ മാന്വൽ പ്രകാരമുള്ള നടപടിക്രമം പാലിച്ച് നിർവ്വഹണം നടത്താൻ ശ്രദ്ധിക്കേണ്ടതാണ്. ഓഡിറ്റ് എൻക്വയറി നം.4/26.06.2019.

# ഭാഗം -4

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| കാട്ടൂർ ഗ്രാമപഞ്ചായത്ത് | 2018-19 | 400000 | പ്രൊജക്ട് നമ്പർ-81 വെർട്ടിക്കൽ ആക്സിസ് പമ്പ്സെറ്റ് | - | 400000 |
| മുരിയാട് ഗ്രാമപഞ്ചായത്ത് | 2018-19 | 750000 | വെർട്ടിക്കൽ ആക്സിസ് പമ്പ്സെറ്റ് | 731568 | 18432 |
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 784000 | പി എം എ വൈ (ജി) 2018-19 ഭവന നിർമ്മാണം എസ് സി | 784000 | 0 |
| ജില്ലാ പഞ്ചായത്ത് | 2018-19 | 392000 | പി എം എ വൈ (ജി) | 392000 | 0 |

| | | | | | |
|---|---|---|---|---|---|
| | | | 2018-19 ഭവന നിർമ്മാണം എസ് സി | | |
| കാറളം ഗ്രാമപഞ്ചായത്ത് | 2018-19 | 280000 | പി എം എ വൈ (ജി)<br><br>2018-19 ഭവന നിർമ്മാണം എസ് സി | 70000 | 210000 |

## 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവർത്തിയുടെ പേര് | വൗച്ചർ നം./ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് | ബ്ലോക്ക് പഞ്ചായത്തിൽ | ചെക്ക് നമ്പർ 12443 | 150000 | 129561 | പദ്ധതി പൂർത്തീകരിച്ചു. |

| | | | | | |
|---|---|---|---|---|---|
| | കുഴൽകിണർ, മോട്ടോർ,അനുബന്ധ സാമഗ്രികൾ സ്ഥാപിക്കൽ | (കരുവന്നൂർ സർവീസ് സഹകരണ ബാങ്ക്) | | | വിനിയോഗ സാക്ഷ്യപത്രം ലഭിച്ചു. |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല.

## 4-4 വായ്പ / വായ്പ തിരിച്ചടവ്

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നം./ തിയ്യതി | ബാങ്ക് | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടക്കാൻ ബാക്കിയുണ്ടായിരുന്നതുക | തൻ വർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| ഐ എ വൈ ഭവനം സഹകരണ ബാങ്കിൽ നിന്നുള്ള വായ്പ തിരിച്ചടവ് | സ.ഉ(കൈ) നം 332/13 ത.സ്വ.ഭ.വ., തിരുവനന്തപുരം തിയ്യതി 09.10.2013 | കാട്ടൂർ എസ്.സി.ബി. | 1101528 | 508040 | - | 508040 | -- |
| | | പറപ്പൂക്കര റൂറൽ എസ്.സി.ബി. | 550764 | 213177 | | 213177 | |
| | | മുരിയാട് എസ്.സി.ബി. | 1101528 | 236000 | | 236000 | |
| | | നെല്ലായി പറപ്പൂക്കര എസ്.സി.ബി. | 550764 | 384177 | | 384177 | |
| | | കാറളം എസ്.സി.ബി. | 1101528 | 446797 | | 302606 | 144191 |
| | | ആകെ | 4406112 | 1788191 | | 1644000 | 144191 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല.

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല.

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1995-96<br>1999-2000 | 19,32,33 | 1999-2000<br>2004-2005 | 19,32,33 | വികസനരേഖ അച്ചടിച്ചത് പ്രൈവറ്റ് സ്ഥാപനത്തിന്റെ പരസ്യത്തിന്റെ തുക ഉപയോ ഗിച്ചാണ്. പരസ്യത്തിന്റെ തുകയുടെ വൗച്ചർ ഓഡിറ്റിന് ഹാജരാക്കാത്തത് സംബന്ധിച്ച്, നെൽകൃഷി വികസന പദ്ധതി<br>യന്ത്രവത്കരണം- കൊയ്ത്തുമെതി | റിപ്പോർട്ട് നൽകിയിട്ടുണ്ട്. |

| | | | | | |
|---|---|---|---|---|---|
| | | | | യന്ത്രം ഉപയോഗശൂന്യമായത് സംബന്ധിച്ച്, ആറാടിപ്പാടം ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി-പ്രവൃത്തിക്ക് അധികമായി കൈപ്പറ്റിയ 100 മീറ്റർ പൈപ്പിന്റെ തുക കൺവീനറുടെ പക്കൽ നിന്നും ഈടാക്കുന്നത് സംബന്ധിച്ച് | |

## 4-8 ചാർജ് സർചാർജ് നടപടി വിവരം

ലഭ്യമായില്ല.

## 4-9 ഓഡിറ്റ് പ്രത്യവലോകനം

**എ) <u>സംക്ഷിപ്തവിവരം</u>**

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 4,82,42,421 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 5,42,21,352 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | - |
| | |

| | |
|---|---|
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 29,86,285 |

## ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം-

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ്ജ് ചെയ്യാവുന്നത് | സർചാർജ്ജ് ചെയ്യാവുന്നത് | |
| ഇല്ല | | | |

## സി) ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-2(1) | 10,50,000 | സുശീല.ടി. അസിസ്റ്റന്റ് ഡയറക്ടർ ഓഫ് അഗ്രികൾച്ചർ |
| 3-2(2) | 1,50,000 | ജി.മുരളീധരമേനോൻ, അസി.ഡയറക്ടർ ഓഫ് അഗ്രികൾച്ചർ |
| 3-2(3) | 7,00,000 | |
| 3-2(4) | 40,000 | |
| 3-6 | 10,46,285 | വിജയൻ, അസി.എഞ്ചിനീയർ |
| ആകെ | 29,86,285 | |

## (ഡി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല.

## (ഇ)നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

## (എഫ്)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഓഡിറ്റ് നടന്ന സമയത്തെ ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|

| ഇല്ല. |
|---|

# 4-10 തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | റിമാർക്സ് |
|---|---|---|
| 1995-96,96-97,97-98 | നം.എൽ.എഫ്.ടി.8-328/99/01-07-99 | |
| 98-99 | എൽ.എഫ്.ടി 16-1422/02/02-08-03 | |
| 99-00 | എൽ.എഫ്.ടി 16-1423/02/30-09-03 | |
| 00-01,01-02<br><br>പ്ലാൻ | എൽ.എഫ്.ടി 16-53/04/01-03-04 | |
| 00-01 | എൽ.എഫ്.ടി 21-2466/07/09-01-09 | |
| 01-02 | എൽ.എഫ്.ടി 21-2645/07/09-01-09 | |
| 02-03 | എൽ.എഫ്.ടി 21-2604/07/09-01-09 | |
| 03-04 | എൽ.എഫ്.ടി 21-2463/07/09-01-09 | |
| 04-05 | എൽ.എഫ്.ടി 21-2462/07/09-01-09 | |
| 05-06 | എൽ.എഫ്.ടി 21-789/09/09-05-10 | |
| 06-07 | എൽ.എഫ്.ടി 21-790/09/30-03-10/06-08-10 | |
| 07-08 | എൽ.എഫ്.ടി (ബി.പി)1618/11/16-04-12 | |
| 08-09 | എൽ.എഫ്.ടി (ബി.പി)1619/11/16-04-12/03-08-12 | |
| 09-10 | എൽ.എഫ്.ടി(ബി.പി)1620/11/16-04-12/03-08-12 | |
| 10-11 | എൽ.എഫ്.ടി(ബി.പി)2294/12/08-02-13/03-06-13 | |

| | | |
|---|---|---|
| 11-12 | എൽ.എഫ്.ടി(ബി.പി)206/13/08-05-13/02-09-13 | |
| 12-13 | എൽ.എഫ്.ടി(ബി.പി)1021/14 | |
| 13-14 | കെ എസ് എ ടിഎസ് ആർ-(ബി പി 2)1703/15/1.1.16/3.2.16 | |
| 14-15 & 15-16 | കെ.എസ്.എ.ടി.എസ്.ആർ.(ബി.പി.2) 653/17 തി.26.05.17 | |
| 16-17 | കെ.എസ്.എ.ടി.എസ്.ആർ.(ബി.പി.2) 1711/17 തി. 7.12.17 | |
| 17-18 | നം കെ.എസ്.എ.ടി.എസ്.ആർ(ബിപി2)13/2019 07.03.2019 | |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ

# അനുബന്ധം-1
# ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ്.4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(6) 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 [2007ലെ കേരള മുനിസിപ്പാലിറ്റി അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 60] എന്നിവ അനുസരിച്ചും പഞ്ചായത്ത് / നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ)1413/ 2018/ത.സ്വ.ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും ഇരിങ്ങാലക്കുട ബ്ളോക്ക് പഞ്ചായത്തിന്റെ 2018-19 സാമ്പത്തികവർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ അഭിപ്രായത്തിൽ അന്യത്ര ചേർത്ത അപാകതകൾ ഒഴികെ സ്ഥാപനത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ ശരിയായ വിധത്തിൽ സൂക്ഷിക്കുന്നു. സ്ഥാപനത്തിന്റെ വരവുകൾ യഥാവിധ കണക്കിലുൾപ്പെടുത്തിയിട്ടുണ്ട്. ചെലവുകൾ എല്ലാം തന്നെ വൗച്ചറുകളുടെ അടിസ്ഥാനത്തിലാണ്.

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ

# അനുബന്ധം-2
# ഓഡിറ്റ് സംക്ഷിപ്തം

| | | സംക്ഷിപ്തം(AuditedAbstract) |
|---|---|---|
| 1 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | |

| | | |
|---|---|---|
| 2 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | |
| 3 | ബാലൻസ് ഷീറ്റ് | |

ജോയിന്റ് ഡയറക്ടർ
ജില്ല ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ